## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 902 04/03/2020 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ

ചോദ്യം

**ശ്രീ. വി.കെ.സി. മമ്മത് കോയ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിർമ്മാണമേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളി അപകടത്തിൽപ്പെട്ട് ദീർഘകാലം ചികിത്സ ചെയ്ത് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആയശേഷം വീട്ടിൽ വിശ്രമത്തിൽ ഇരിക്കെ മരണപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത്തരത്തിൽ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ ഇല്ലാത്തതിനാൽ അർഹതപ്പെട്ട ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകാതെ പോകുന്നത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ്, ആശുപത്രി രേഖകൾ, വൂണ്ട് സർട്ടിഫിക്കറ്റ്, മരണമടഞ്ഞ തൊഴിലാളിയുടെ അവകാശികൾ സമർപ്പിക്കുന്ന സത്യവാങ്മൂലം, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, കുറഞ്ഞത് 3 സാക്ഷികളുടെ സ്റ്റേറ്റ്മെന്റ് എന്നിവയുടെ അടിസ്ഥാനത്തിൽ അപകട മരണ ധനസഹായം അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപകടമരണ ആനുകൂല്യത്തിനുള്ള അപേക്ഷ മരണം സംഭവിച്ച് 90 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ